ഖുത്ബ
11.5.2007
ബയ്ത്തുൽ ഫുതൂഹ്, ലണ്ടൻ

# 'അസ്സലാം'- സമാധാന സമ്രാട്ട്

**അ**ല്ലാഹുവിന്റെ ഒരു നാമം അസ്സലാം എന്നുമാണ്. അല്ലാഹു വിശുദ്ധഖുർആനിൽ ഈ പദം വിവിധ രീതിയിൽ ഉപയോഗിച്ചിട്ടുണ്ട്. അത് അവന്റെ മഹനീയ ഗുണം എന്ന നിലയിലും വിവരിച്ചിട്ടുണ്ട്. സത്യവിശ്വാസികളോട് ഈ മഹനീയഗുണം സ്വായത്തമാക്കാനും പറഞ്ഞിട്ടുണ്ട്. ഇതിന്റെ അർത്ഥം വിവിധ വ്യാഖ്യാതാക്കളും, നിഘണ്ടുകർത്താക്കളും ചർച്ച ചെയ്തിട്ടുണ്ട്. ***അത്തബ്രി*** എന്ന തഫ്സീറിൽ അല്ലാമ അബൂ ജഅ്ഫർ മുഹമ്മദ് പറയുന്നു. "ഏതൊരുവന്റെ സൃഷ്ടികൾ അവന്റെ അക്രമത്തിൽനിന്ന് സുരക്ഷിതരായിരിക്കുന്നുവോ അവനാണ് അസ്സലാം." അബുൽഹസീമിന്റെ പക്കൽ, 'അസ്സലാം അല്ലാഹുവിന്റെ നാമങ്ങളിൽ ഒരു നാമമാണ്. അല്ലാഹുവിനെ അസ്സലാം എന്നു പറയുന്നത്, അവൻ എല്ലാ ന്യൂനതകളിൽനിന്നും പോരായ്മകളിൽനിന്നും നാശങ്ങളിൽനിന്നും സുരക്ഷിതനായിരിക്കുന്നതുകൊണ്ടാണ്.' മറ്റു ചില ഉലമാഅ് പറയുന്നു:

'മറ്റുള്ളവർക്ക് വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ, നാശങ്ങൾ തുടങ്ങിയവയിൽനിന്ന് സുരക്ഷിതനാണ് അല്ലാഹു. എല്ലാ സൃഷ്ടികളും നശിച്ചുപോകും. എന്നാൽ, അവനിൽ നാശമില്ല. അവൻ എന്നെന്നും നിലനില്ക്കുന്നവനാണ്.'

തഫ്സീർ റൂഹുൽ ബയാനിൽ എഴുതിയിരിക്കുന്നു: "എല്ലാതരം നാശങ്ങളിൽനിന്നും ന്യൂനതകളിൽനിന്നും സുരക്ഷിതനാണ് അസ്സലാം. എല്ലാതരം കുറവുകളിൽനിന്നും പരിശുദ്ധനും, സമാധാനം നല്കുന്നതിൽ വലിയവനുമായ കാരണത്താൽ അവനെ അസ്സലാം എന്നു പറഞ്ഞിരിക്കുന്നു." അൻതസ്സലാം എന്ന് ഹദീസിൽ വന്നിരിക്കുന്നു. നമസ്കാരത്തിനു ശേഷം നാം ചൊല്ലുന്നതാണത്. ഇതിന്റെ അർത്ഥം, നീ എല്ലാതരം ന്യൂനതകളിൽനിന്നും പരിശുദ്ധനും എല്ലാതരം പോരായ്മകൾക്കുമതീതനുമാണെന്നാകുന്നു.

***വ മിൻകസ്സലാം*** എന്നും ഹദീസിൽ വന്നിരിക്കുന്നു. ഇതുകൊണ്ടുള്ള ഉദ്ദേശ്യം ഒരു നിരാലംബനായ വ്യക്തിയെ വെറുക്കപ്പെട്ടതും വിഷമം ഉണ്ടാക്കുന്നതുമായ കാര്യങ്ങളിൽനിന്ന് സുരക്ഷിതനാക്കി വയ്ക്കുന്നവനാണ് നീ എന്നാണ്. ഇരുലോകത്തിന്റേയും ബുദ്ധിമുട്ടുകളിൽനിന്നും നാശങ്ങളിൽനിന്നും വിടുതൽ നല്കുന്നവനാണ് നീ. വിശ്വസിക്കുന്നവരുടെ പാപങ്ങളും പോരായ്മകളും മറച്ചുവയ്ക്കുന്നവനാണ് നീ. ഇക്കാരണത്താൽ അവർ പുനരുത്ഥാന നാളിന്റെ അപമാനത്തിൽനിന്നും സുരക്ഷിതരായിരിക്കും. '***മിൻകസ്സലാം***' എന്നതിന്റെ ഒരു ഉദ്ദേശ്യം ഇങ്ങനെയുമാകാം. അവൻ സ്വർഗ്ഗത്തിൽ സത്യവിശ്വാസികൾക്ക് സുരക്ഷിതത്വം എന്ന സമ്മാനം നല്കുന്നു. ***സലാമുൻ ഖൗലൻമ്മിൻർറബ്ബിർറഹീം***- എന്നു പറഞ്ഞതുപോലെ. അതായത്, അവരോട് സലാം പറയപ്പെടും. നിരന്തരം കൃപചൊരിയുന്ന രക്ഷിതാവിൽനിന്ന് അവർക്കത് സന്ദേശമായിരിക്കും. ഇതിലെ 'സലാം' എന്ന പദത്തിൽ, ദയ കാണിക്കുന്ന അല്ലാഹുവിൽനിന്ന് പരിപൂർണ്ണമായ സംരക്ഷണത്തിന്റെ ഒരു വാഗ്ദാനമാണുള്ളത്. ഇതൊരു ചെറിയ വചനമാണ്. പക്ഷേ, ഒരു മഹത്തായ സന്ദേശം അതുൾക്കൊള്ളുന്നു. അതായത് ഈ സുരക്ഷിതത്വത്തിന്റെ സമ്മാനം കരസ്ഥമാക്കുന്നതിനും ഈ ലോകത്തും അടുത്തലോകത്തും അല്ലാഹുവിന്റെ അനുഗ്രഹത്തിന് പാത്രമാകുന്നതിനും വേണ്ടി നിങ്ങളും നിങ്ങളുടെ ഇടയിൽ പരസ്പരം ഈ ആത്മാവുണ്ടാക്കിത്തീർക്കുക. പരസ്പരം സലാം പറയുക. എന്നാൽ, ഈ സമ്മാനം നിങ്ങൾക്ക് കിട്ടിക്കൊണ്ടിരിക്കും. പരസ്പരം സമാധാനത്തിന്റെ സമ്മാനം കൈമാറുന്നതുകൊണ്ട് ഇവിടെ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കി, അടുത്തലോകത്ത് സ്വർഗ്ഗത്തിൽ ഇടം പ്രാപിക്കുന്നതോടൊപ്പം ഈ ലോകത്തും സ്വന്തം ആത്മാവിനേയും മനസ്സിനേയും സമാധാനം കാരണത്താൽ സുരക്ഷിതമാക്കിവയ്ക്കുന്നതാണ്. ഇക്കാര്യം പരിപൂർണ്ണമായും നിങ്ങൾക്ക് സന്തോഷം പ്രദാനം ചെയ്യുന്നതായിരിക്കും. നിങ്ങൾക്കും നിങ്ങളുടെ സമൂഹത്തിനും വേണ്ടി അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ കരസ്ഥമാക്കുന്നതിനുള്ള മഹത്തായൊരു വഴിയാണിത്. ഹദീസിൽ വന്നിരിക്കുന്നു, ഹദ്റത്ത് അനസ്(റ) വിവരിക്കുന്നു. നബി(സ) തിരുമേനി പറഞ്ഞു: "സലാം എന്നത് അല്ലാഹുവിന്റെ നാമങ്ങളിൽ ഒന്നാണെന്നതിൽ സംശയമില്ല. അല്ലാഹു അതിനെ ഭൂമിയിൽ നിക്ഷേപിച്ചിരിക്കുന്നു. അതുകൊണ്ട് നിങ്ങൾ പരസ്പരം സലാം പറയുക." ഈ സലാം പരത്തുകയെന്നത്, പരസ്പരമുള്ള സ്നേഹം ഉണ്ടാക്കുന്നതിനും സമൂഹത്തിൽ സമാധാനം നിലനിറുത്തുന്നതിനും ഉത്ത

മമായ മാർഗ്ഗമാണ്. അതുകൊണ്ട് ഒരുപാട് അവസര ങ്ങളിൽ നബി(സ) തിരുമേനി പരസ്പരമുള്ള സ്നേഹവും സന്തോഷവും നിലനിറുത്തുന്നതിനായി, സലാം പറയാനും സലാം പ്രചരിപ്പിക്കാനും പറ ഞ്ഞിരിക്കുന്നു. അതുകൊണ്ട്, അല്ലാഹുവിന്റെ സലാം കരസ്ഥമാക്കാൻ സ്വന്തം സമൂഹത്തിലും യഥാർത്ഥ മായ നിലയിൽ നാം സമാധാനം പരത്തേണ്ടതാണ്. അപ്പോഴാണ് അത് കരസ്ഥമാക്കുന്നവരായിത്തീരാൻ കഴിയുന്നത്.

ഒരിക്കൽ നബി(സ) പറഞ്ഞു: ഹദ്റത്ത് അബ്ദു ല്ലാഹ് ബിൻ അംറ്(റ) പറയുന്നു. ഒരാൾ നബി(സ) തിരുമേനിയോട് ഏത് ഇസ്‌ലാമാണ് ഉത്തമമായത് എന്ന് ചോദിച്ചു. അവിടന്ന് പറഞ്ഞു. ***വ തഖ്റവുസ്സ ലാമാ മ അലാ മൻ അറഫ്ത്ത വ മൻല്ലം തഅ്രിഫ്.*** ഒന്നാമത് പറഞ്ഞത് ഭക്ഷണം നല്കുക എന്നാണ്. രണ്ടാമത്തേതായി പറഞ്ഞത് അറിയുന്നവർക്കും അറി യാത്തവർക്കും നിങ്ങൾ സലാം പറയുക എന്നതാണ്.

മറ്റൊരു ഹദീസിൽ വന്നിരിക്കുന്നു. ഹദ്റത്ത് ഇബ്നു സുബയ്ർ(റ) വിവരിക്കുന്നു. റസൂലുല്ലാഹി (സ) പറഞ്ഞു: നിങ്ങൾക്ക് മുമ്പേ ഉണ്ടായിരുന്ന ജന തകളുടെ രോഗങ്ങൾ നിങ്ങളിലും പതുക്കെപ്പതുക്കെ പ്രവേശിച്ചുകൊണ്ടിരിക്കുന്നു. അതായത്, ആന്തരിക വിരോധവും അസൂയയും. ഇത് രണ്ടിനേയും കുറിച്ച് ഇക്കാലത്തും ചിന്തിക്കുകയാണെങ്കിൽ, ഇതും വീണ്ടും പ്രവേശിക്കുന്നതായി കാണാം. എന്നല്ല, അതൊരു പാരമ്യത്തിൽ എത്തിയിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) കൊണ്ടുവന്ന സന്ദേശത്തിൽ സൃഷ്ടികളോടുള്ള കടമ നിറവേറ്റുന്നതിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ആ കടമകൾ നിറവേറ്റാൻ കഴിയാത്ത തിലേക്ക് ഇത് തടസ്സമായിത്തീരുന്നു. അതായത്, ആന്ത രികമായ വിരോധവും അസൂയയും. ജമാഅത്ത് എപ്പോഴും ഇതിൽനിന്ന് സുരക്ഷിതരായിരിക്കേണ്ട താണ്. പറഞ്ഞു: "ഈ രോഗങ്ങൾ നിങ്ങളിൽ മെല്ലെ മെല്ലെ കടന്നുകൊണ്ടിരിക്കുകയാണ്. അതായത്, ആന്തരികവിരോധവും അസൂയയും. ആന്തരികവിരോ ധവും ചുരുട്ടിക്കളയുന്നതാണ്. അത് മുടികളെ ചുരുട്ടി ക്കളയുന്നതല്ല. മറിച്ച്, ദീനിനെ ചുരുട്ടിക്കളയുന്നതാ ണ്." ആന്തരികവിരോധം എന്നു പറയുന്നത് നിങ്ങ ളുടെ ദീനിനെ നശിപ്പിച്ചുകളയുന്നതാണ്. പറഞ്ഞു: ഏതൊരുവന്റെ കൈയിലാണോ എന്റെ ജീവനിരി ക്കുന്നത് അവനാണ, പൂർണ്ണമായ നിലയിൽ വിശ്വ സിക്കാത്തിടത്തോളംകാലം നിങ്ങൾ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല. പരസ്പരം സ്നേഹിക്കാത്തിട ത്തോളം കാലം നിങ്ങൾക്ക് പരിപൂർണ്ണ വിശ്വാസിക ളാകാനും കഴിയുകയില്ല. ഈ സ്നേഹം നിങ്ങളിൽ ഊട്ടിയുറപ്പിക്കുന്ന ആ കാര്യത്തെക്കുറിച്ച് ഞാൻ നിങ്ങൾക്ക് പറഞ്ഞുതരട്ടെ, അതെന്താണെന്ന് വെച്ചാൽ നിങ്ങൾ പരസ്പരം സലാം പറയുക എന്ന താണത്. ഇന്നും നാം പരിശോധിക്കുകയാണെങ്കിൽ, ഏതെങ്കിലുമൊക്കെ രീതിയിൽ ഞാൻ പറഞ്ഞതു പോലെ ശയ്ത്വാൻ ആന്തരികവിരോധത്തിന്റേയും അസൂയയുടേയും വികാരങ്ങൾ ഒരുപാടാളുകളുടെ ഹൃദയത്തിൽ ജനിപ്പിക്കുന്നതായി കാണാം. കാല ത്തിന്റെ ഇമാമിനെ വിശ്വസിച്ചിട്ടും നമ്മൾ ചില പ്രവൃ ത്തികൾ കാരണത്താൽ അല്ലാഹുവിന്റെ വെറുപ്പിന് പാത്രീഭൂതരായിത്തീരുക എന്നത് എത്രമാത്രം നിർഭാ ഗ്യതയാണ്.

അല്ലാഹുവിന്റെ സുരക്ഷിതത്വം കരസ്ഥമാക്കു ന്നതിനുവേണ്ടി, അല്ലാഹുവും അവന്റെ റസൂലും(സ) പറഞ്ഞുതന്നിട്ടുള്ള മാർഗ്ഗം 'സലാം' നടപ്പിൽ വരു ത്തുക എന്നതാണ്. ഇതുമുഖേന മനസ്സിലെ അഴു ക്കുകളും അകന്നുപോകും. സ്നേഹവും വർദ്ധിക്കും. വിട്ടുവീഴ്ച ചെയ്യുക, മാപ്പുകൊടുക്കുക എന്നീ ശീലവും ഉണ്ടാകും. ഇതുമുഖേന സമൂഹത്തിലും സ്നേഹവും സന്തോഷവും ഉണ്ടാകുകയും ചെയ്യും. ഇത് അല്ലാഹുവിന്റെ കല്പനകളിൽ ഒരു പ്രധാന കല്പനയാണ്. ഇതുമുഖേന സൃഷ്ടികളോടുള്ള കടമ നിറവേറ്റുന്നതിലേക്കും ശ്രദ്ധയുണ്ടാകും.

പൊതുവെ, ജമാഅത്തുകളിലും പരസ്പരം വഴ ക്കുകളുണ്ടാകാറുണ്ട്. കലഹം ഉണ്ടാകാറുണ്ട്. അത് ചിലപ്പോൾ അതിന്റെ അതിരുവരെ വലിച്ചുകൊണ്ടു പോയി എത്തിക്കാറുമുണ്ട്. കഴിഞ്ഞദിവസം ഇത്തരം ഒരു കുടുംബവഴക്കുണ്ടായി. അത് വളർന്ന് വലുതായി ജമാഅത്തിന്റെ ചീത്തപ്പേരിന് കാരണമായി. ഇക്കാ രണത്താൽ ജമാഅത്തിൽനിന്ന് പുറത്താക്കിക്കൊണ്ട് ഇരുകക്ഷിയേയും ശിക്ഷിക്കേണ്ടിവന്നു. അതിനു ശേഷം മാപ്പിനുവേണ്ടി ആളുകൾ എഴുതാറുണ്ട്. എഴുതിക്കൊണ്ടിരിക്കട്ടെ. ഒരാൾ എഴുതി. ഈ വഴക്ക് അവസാനിപ്പിക്കുന്നതിനുവേണ്ടി പള്ളിയിൽച്ചെന്ന് ഞാൻ എതിർകക്ഷിയോട് സലാം പറഞ്ഞപ്പോൾ, അക്കാര്യം മറന്നേക്ക് എന്ന് അയാൾ പറഞ്ഞു. ആറു മാസം, ഒരുവർഷംവരെ നിന്നോട് ഒന്നും ഞാൻ സംസാരിക്കുകയില്ല, സലാം പറയുകയില്ല, രഞ്ജിപ്പും ഉണ്ടാക്കുകയില്ല എന്നും അറിയിച്ചു. ഇത്തരം ഘട്ട ങ്ങൾ ജമാഅത്തുകളിൽ ഉണ്ടാകുന്നു. കാലത്തിന്റെ ഇമാമിനെ വിശ്വസിച്ചതിനും ഹദ്റത്ത് മസീഹ് മൗഊ ദ്(അ)ന്റെ വാദങ്ങൾ അംഗീകരിച്ചതിനും സൃഷ്ടിക ളോടുള്ള കടമ നിറവേറ്റുമെന്ന ബയ്അത്തിന്റെ നിബ ന്ധന സമ്മതിച്ചതിനും ശേഷവും ഇത്തരം പ്രവൃത്തി കൾ ചെയ്യുക എന്നത് അങ്ങേയറ്റം വിഷമകരമായ കാര്യമാണ്.

ഈ വെറുപ്പുകളിലും വൈരാഗ്യങ്ങളിലും വഴ

ക്കുകളിലും അകപ്പെടുന്നവരെ ജമാഅത്തിൽനിന്ന് അകറ്റുന്നതിനോടൊപ്പം ഈ ശിക്ഷ നല്കുന്ന കാരണത്താൽ കാലത്തിന്റെ ഖലീഫയ്ക്കും അത് ബുദ്ധിമുട്ടിന് കാരണമായിത്തീർന്നു. എല്ലാത്തിനേക്കാളുമുപരി അല്ലാഹുവിന്റെ വെറുപ്പിന് കാരണക്കാരനായിത്തീരുന്നു. അല്ലാഹു അസ്സലാമാണ്. അവൻ ആരുടെ മേലും അക്രമം ചെയ്യുകയില്ല. പക്ഷേ, സ്വന്തം പ്രവൃത്തി കാരണത്താൽ മനുഷ്യൻ അവന്റെ വെറുപ്പിന് ഇരയായിത്തീരുന്നു. അല്ലാഹു മനുഷ്യനുമേൽ അക്രമം ചെയ്യുകയില്ല. മനുഷ്യൻ സ്വയം തന്നെയാണ്, വേണ്ടാത്ത പ്രവൃത്തികൾ ചെയ്ത് തന്നോടു തന്നെ അക്രമം ചെയ്യുന്നത്.

ഇമാം ഗസ്സാലി, അല്ലാഹു അസ്സലാം ആണെന്നതിനെക്കുറിച്ച് പറയുന്നു: ''ഏതൊരുവന്റെ അസ്തിത്വം എല്ലാതരം ന്യൂനതകളിൽനിന്നും, ഏതൊരുവന്റെ സവിശേഷഗുണങ്ങൾ എല്ലാതരം പോരായ്മകളിൽനിന്നും, ഏതൊരുവന്റെ പ്രവൃത്തി എല്ലാതരം ദ്രോഹങ്ങളിൽനിന്നും സുരക്ഷിതവും പരിശുദ്ധവുമാണോ അവനാണ് അസ്സലാം.'' അതായത്, അവന്റെ പ്രവൃത്തിയിൽ വെറും ഉപദ്രവം അതായത് ദുഃഖവും ബുദ്ധിമുട്ടും മാത്രമായിരിക്കുകയില്ല ഉണ്ടായിരിക്കുക, മറിച്ച് അവന്റെ ഉള്ളിൽ ആ ബുദ്ധിമുട്ടിനേക്കാൾ എത്രയോ ഉപരി നന്മ മറഞ്ഞിരിപ്പുണ്ടാകും. മനുഷ്യന് ഭാവനയിൽപോലും കാണാൻ പറ്റാത്തവിധം അല്ലാഹു സമാധാനം വിതറുന്നു. സമാധാനം പരത്തുന്നതുകൊണ്ട് അല്ലാഹുവിന്റെ ഗുണമായ അസ്സലാമിൽനിന്ന് അനുഗ്രഹം പ്രാപിച്ച് ഉപദ്രവങ്ങളിൽനിന്നും വിഷമങ്ങളിൽനിന്നും മനുഷ്യൻ രക്ഷപ്പെടുക മാത്രമല്ല ചെയ്യുന്നത് പ്രത്യുത അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ അനന്തരാവകാശികളായിത്തീരുകയും ചെയ്യുന്നു. മനുഷ്യൻ സൽക്കർമ്മവും, സമാധാനവും പരത്തുന്ന കാരണത്താൽ നന്മയിലും സലാമായ അല്ലാഹു അവന് നല്കുന്ന ക്ഷേമത്തിലും ഭാഗഭാക്കായിത്തീരുന്നു. ഇമാം റാഗിബ് ഇതിനെ കൂടുതൽ വിശദീകരിച്ചിട്ടുണ്ട്. എഴുതുന്നു: "ബാഹ്യവും ആന്തരികവുമായ എല്ലാത്തരം കുറവുകളിൽനിന്നും പോരായ്മകളിൽനിന്നും ശൂന്യമാകുക എന്ന അർത്ഥത്തിലാണ് അല്ലാഹു അസ്സലാമു, അസ്സലാമ എന്ന് പറയപ്പെടുന്നത്. അല്ലാഹുവിനെക്കുറിച്ച് അസ്സലാം എന്നു പറയുമ്പോൾ, അതുകൊണ്ടുള്ള ഉദ്ദേശ്യം അവനിൽ മനുഷ്യപരമായ കുറ്റങ്ങളും കുറവുകളും ഉണ്ടാകുകയില്ല എന്നാണ്." പിന്നീടെഴുതുന്നു. "അസ്സലാം അതായത്, സലാമായ അല്ലാഹുവിന്റെ ദാസൻ, അസ്സലാമിന്റെ പ്രതീകമായവനാണ്. സലാമായ അല്ലാഹു അവനെ എല്ലാതരം നാശങ്ങളിൽനിന്നും കുറവുകളിൽനിന്നും സുരക്ഷിതനാക്കിവയ്ക്കുന്നു. സലാമായ അല്ലാഹുവിന്റെ പ്രതീകമാകാൻ ശ്രമിക്കുകയും സമാധാനം പരത്തുകയും സമൂഹത്തിൽ സാഹോദര്യത്തിന്റേയും സ്നേഹത്തിന്റേയും അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യുമ്പോൾ, അല്ലാഹു അവനെ എല്ലാ വിപത്തുകളിൽനിന്നും കുറവുകളിൽനിന്നും സുരക്ഷിതനാക്കിവയ്ക്കുന്നു."

ഓരോ ദൈവദാസന്റേയും ഹൃദയം കലർപ്പുകളിൽനിന്നും വൈരാഗ്യങ്ങളിൽനിന്നും അസൂയകളിൽനിന്നും ദുർവിചാരങ്ങളിൽനിന്നും പരിശുദ്ധമായിരിക്കേണ്ടതാണ്. അവന്റെ ഓരോ അവയവങ്ങളും പാപങ്ങൾ ചെയ്യുന്നതിൽനിന്നും അല്ലാഹു വിരോധിച്ച കാര്യങ്ങൾ പ്രവർത്തിക്കുന്നതിൽനിന്നും സുരക്ഷിതമായിരിക്കണം. ബുദ്ധി ആഗ്രഹങ്ങളുടേയും കോപങ്ങളുടേയും അടിമയാകുന്ന തരത്തിലുമാകരുത് അവന്റെ സ്വഭാവം.

ദ്വേഷത്തിൽ വന്നിട്ട് എല്ലാ കാര്യങ്ങളും മറന്നുപോകുന്ന അവസ്ഥയുണ്ടാകരുത്. കവി പറഞ്ഞതുപോലെ, (സുഖജീവിതത്തിന്നിടയിൽ ദൈവത്തെ ഓർമ്മയുണ്ടാവില്ല. കോപം മൂർച്ഛിച്ചപ്പോൾ ദൈവഭയവും അവശേഷിച്ചില്ല) എന്ന അവസ്ഥ വരാൻ പാടില്ല. തന്റെ നാവിൽനിന്നും കൈയിൽനിന്നും മറ്റു മുസ്ലിംകൾ സുരക്ഷിതരാകാതിരിക്കുന്ന കാലത്തോളം അയാൾക്ക് സലാം, ഇസ്ലാം എന്നീ സവിശേഷഗുണങ്ങളാൽ വിഭൂഷിതനാകാൻ പറ്റുകയില്ല. അസ്സലാം എന്ന സവിശേഷ ഗുണത്തിന്റെ പ്രത്യേകത, അത് ബുദ്ധിമുട്ടുകളും വിപത്തുകളും അകറ്റുന്നു എന്നതാണ്.

ഹദ്റത്ത് അബൂമൂസാ(റ) നിവേദനം ചെയ്യുന്നു. സ്വഹാബത്ത് റസൂൽ(സ)യോട് ചോദിച്ചു. അല്ലാഹുവിന്റെ റസൂലേ ഏത് ഇസ്ലാമാണ് ഉൽക്കൃഷ്ടമായിട്ടുള്ളത്. നബി(സ) പറഞ്ഞു, അവന്റെ നാവിൽനിന്നും കൈയിൽനിന്നും മറ്റു മുസ്ലിംകൾ സുരക്ഷിതരായിരിക്കണം. ഒരിടത്ത് പറഞ്ഞു. ഏതൊരുവന്റെ നാവിൽനിന്നും കൈയിൽനിന്നും മറ്റു മുസ്ലിംകൾ സുരക്ഷിതരായിരിക്കുന്നുവോ അവനാണ് മുസ്ലിം.

അതുകൊണ്ട് പരസ്പരബന്ധങ്ങളും, പരസ്പരം സ്നേഹത്തോടെയുള്ള പെരുമാറ്റവും, കടമകൾ നിറവേറ്റാനുള്ള ചിന്ത തുടങ്ങിയവയൊന്നും നിസ്സാര കാര്യമല്ല. ഇതിന് വളരെ പ്രാധാന്യമുണ്ട്. സലാമായ അല്ലാഹുവിനെ ചേർത്ത് പറയാനാഗ്രഹിക്കുന്നെങ്കിൽ, നമ്മളിൽ ഓരോരുത്തരും സമാധാനത്തിന്റെ സന്ദേശവാഹകരാകേണ്ടിവരും. സമാധാനം പരത്തുന്നവരായിത്തീരേണ്ടിവരും. ഇല്ലെങ്കിൽ ഹദീസിൽനിന്ന് പ്രകടമാകുന്നതുപോലെ, നാമമാത്രമായ

മുസ്‌ലിമായിരിക്കും. ഇത് ബലഹീനമായ വിശ്വാസമായിരിക്കും. താണപടിയിലുള്ള വിശ്വാസമായിരിക്കും.

മുസ്‌ലിംകൾ മാത്രം നിങ്ങളെക്കൊണ്ട് സുരക്ഷിതരായാൽപോരാ. എല്ലാ മനുഷ്യരുടേയും സമാധാനത്തിന്റെ ജാമ്യക്കാരനായിരിക്കേണ്ടത് സത്യവാനും ദൃഢവിശ്വാസിയുമായ ഓരോ മുസ്‌ലിമിന്റേയും നിർബന്ധകടമയാണെന്നും മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നു.

സുഹയ്ൽ തന്റെ പിതാവിൽനിന്ന് നിവേദനം ചെയ്യുന്നു. റസൂലുല്ലാഹി(സ) പറഞ്ഞു: ഏതൊരുവന്റെ നാവിൽനിന്നും കൈയിൽനിന്നും ജനങ്ങൾ സുരക്ഷിതരായിരിക്കുന്നുവോ അവൻ സമാധാനവാഹകനാണ്. വിശ്വാസത്തിൽ അഭിവൃദ്ധിയുണ്ടാകുമ്പോൾ, മുസ്‌ലിം സഹോദരങ്ങളോടു മാത്രമല്ല മുഴുവൻ മനുഷ്യരോടും സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും ബന്ധമുണ്ടാകുന്നു. ഈ സമാധാനത്തിന്റെ ബന്ധമാണ്, നല്ല സന്ദേശം മറ്റുള്ളവരിലേക്ക് എത്തിക്കുന്നത്. ഈ സമാധാനത്തിന്റെ ബന്ധമാണ്, മറ്റുള്ളവരെ നിങ്ങളുടെ അടുത്തേക്ക് കൊണ്ടുവരുന്നത്. ഈ സമാധാനത്തിന്റെ സന്ദേശംകൊണ്ട് പ്രബോധനത്തിന്റെ രംഗം തുറക്കുന്നു. ഈ സമാധാനത്തിന്റെ സന്ദേശത്താൽ, ജനങ്ങൾ നിങ്ങളിലേക്ക് തൽപരരായിത്തീരുന്നു. അവരുടെ ശരിയായ മതം തിരിച്ചറിഞ്ഞ് അതിൽ പങ്കാളികളാകുന്നു. ഈ സമാധാനത്തിന്റെ സന്ദേശം സ്വായത്തമാക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുമ്പോൾ, അല്ലാഹുവിന്റെ യഥാർത്ഥ പ്രതിച്ഛായയായി മാറാൻ കഴിയും.

മുഫ്റദാത്ത് ഇമാം റാഗിബിൽ എഴുതിയിരിക്കുന്നു. "യഥാർത്ഥ ഇസ്‌ലാം ജന്നത്തിൽ മാത്രമാണ് ഉള്ളത്. കാരണം അവിടെ നാശത്തിൽനിന്ന് പവിത്രമായ അനശ്വരത ലഭിക്കുന്നതാണ്. മാന്യത ലഭിക്കും. പിന്നീട് നിന്ദ്യതയുണ്ടാകുകയില്ല. ആരോഗ്യം ലഭിക്കും. അതിനുശേഷം രോഗമുണ്ടാകുകയില്ല. ഈ വിഷയമാണ് ഈ ദൈവികവചനത്തിൽ പറഞ്ഞിട്ടുള്ളത്."

***ലഹും ദാറുസ്സലാമി ഇൻദറബ്ബിഹിം വഹുവ വലിയ്യുഹും ബിമാ കാനൂ യഅ്മലൂൻ***. അവർക്ക് തങ്ങളുടെ നാഥന്റെയടുക്കൽ രക്ഷാഗേഹമുണ്ട്. അവർ ഏതൊന്ന് പ്രവർത്തിച്ചുകൊണ്ടിരുന്നുവോ അക്കാരണത്താൽ അവൻ അവരുടെ മിത്രമാണ്." (6:238)

സലാം എന്നത് അല്ലാഹുവിന്റെ നാമങ്ങളിൽ ഒരു നാമമാണ്. ഇവിടെ ഉപയോഗിച്ചിരിക്കുന്ന ദാറുസ്സലാം എന്ന പദത്തിന്റെ താൽപര്യം അല്ലാഹുവിന്റെ സമീപസ്ഥലം എന്നാണ്. അതായത്, സ്വർഗ്ഗം. സമാധാനം വിതറുന്നവരും തഖ്‌വയിൽ പദമൂന്നുന്ന സമൂഹത്തിലെ സമാധാനത്തിന്റെ ധ്വജവാഹകരുമായ സത്യവിശ്വാസികൾക്ക് അല്ലാഹു അവരുടെ മിത്രമായിരിക്കുമെന്ന് അല്ലാഹുവിൽനിന്ന് വാഗ്ദാനമുണ്ട്. അവൻ തന്റെ മാർഗ്ഗത്തിൽ നടക്കുന്നവർക്ക്, തന്റെയടുത്ത് ഇടം നല്കാതിരിക്കുക എന്നത് സംഭാവ്യമല്ല."

വീണ്ടും പറയുന്നു: ***യഹ്ദീ ബിഹില്ലാഹു മനിത്തബഅ രിള്‌വാനഹൂ സുബുലസ്സലാമി വ യുഖ്‌രിജുഹുമ്മിനള്ളുലുമാത്തി ഇലന്നൂരി ബിഇദ്നിഹീ വ യഹ്ദീഹിം ഇലാ സ്വിറാത്തിൻ മുസ്തഖീം*** അല്ലാഹു അതുമുഖേന തന്റെ പ്രീതിയെ പിൻപറ്റിയവരെ രക്ഷാമാർഗ്ഗങ്ങളിലേക്ക് വഴികാണിക്കുന്നതാണ്; തന്റെ അനുമതി അനുസരിച്ച് അവൻ അവരെ അന്ധകാരങ്ങളിൽനിന്നും പുറത്തുകൊണ്ടുവന്ന് പ്രകാശത്തിലേക്ക് നയിക്കുകയും ചൊവ്വായ മാർഗ്ഗത്തിലേക്ക് അവൻ അവരെ വഴി നടത്തുകയും ചെയ്യുന്നതാണ് (5:17).

ഇത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. നബി(സ) യുടെമേൽ അല്ലാഹു ഇറക്കിയ അധ്യാപനമനുസരിച്ച് ആരാണോ അവന്റെ തൃപ്തി കരസ്ഥമാക്കാൻ ശ്രമിക്കുന്നത് അവനെ സമാധാന മാർഗ്ഗത്തിലേക്ക് അല്ലാഹു നയിക്കുന്നതാണ്. അതുമുഖേന അവൻ ഈ ലോകത്തും സമാധാനം വിതറുന്നവനായിത്തീരും. അവന്റെ ഓരോ കർമ്മവും ഓരോ പ്രവർത്തിയും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടിയായിരിക്കുകയും ചെയ്യും. വെളിച്ചം അവന് വിധിക്കപ്പെടും. അന്ധകാരങ്ങൾ അവനിൽനിന്ന് അകലും. ഈ '***സുബലസ്സലാം***' സമാധാനത്തിന്റെ വഴി തീർച്ചയായും അല്ലാഹുവിലേക്ക് കൊണ്ടുപോകുന്ന വഴിയാണ്. ഖുർആന്റെ അധ്യാപനം തന്നിൽ പരിപൂർണ്ണമായും സത്യവിശ്വാസി നടപ്പിൽവരുത്തുവാൻ ശ്രമിക്കുമ്പോഴാണ് ഇത് ലഭ്യമാകുന്നത്. പിന്നീട് സ്വിറാത്തെമുസ്തഖീമിലൂടെ നടന്നുകൊണ്ട് അല്ലാഹുവിന്റെ സാമീപ്യം അവന് ലഭിക്കുന്നു. ഇത് കരസ്ഥമാക്കാൻ ഓരോ സത്യവിശ്വാസിയും പരിശ്രമിക്കേണ്ടതാണ്. അവൻ പരിശ്രമിക്കുകയും ചെയ്യുന്നു. ഇതിലൂടെ ഇരുലോകത്തേയും അനുഗ്രഹം മനുഷ്യന് പ്രാപിക്കാൻ കഴിയും.

അല്ലാഹു പറയുന്നു: '***സലാമുൻ ഖൗലൻമ്മിൻ റബ്ബിർറഹീം***' റഹീമായ രക്ഷിതാവിൽനിന്ന് സമാധാനം പറയപ്പെടും. (30:59)

പറഞ്ഞു: ***സലാമുൻ അലയ്ക്കും ബിമാ സ്വബർതും ഫനിഅ്മ ഉഖ്ബദ്ദാർ***. നിങ്ങൾ സ്ഥിരത കൈക്കൊണ്ട കാരണത്താൽ നിങ്ങൾക്ക് സമാധാ

നം. അപ്പോൾ അന്തിമഗൃഹം എത്രമാത്രം വിശിഷ്ടം. (13:25)

ഈ സ്ഥിരതയോടെയുള്ള നില്പ്പും എന്നെന്നും നിലനില്ക്കുന്ന ഭവനത്തെ സംബന്ധിച്ച് സത്യവിശ്വാസിക്ക് സുവാർത്ത നല്കുന്നുണ്ട്. നിരവധി സ്ഥലങ്ങളിൽ സലാം എന്ന പദം വിശുദ്ധഖുർആനിൽ ഉപയോഗിച്ചിട്ടുണ്ട്. അവിടെയെല്ലാം സത്യവിശ്വാസികൾക്ക് അത് സമാധാന സന്ദേശവും നല്കുന്നു. അതുകൊണ്ട് നാം അതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നവരായിത്തീരേണ്ടതാണ്. '***സലാമുൻ ഖൗലൻമ്മിൻ റബ്ബിർറഹീം***' എന്നതിനെ വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'യഥാർത്ഥ സലാം' എന്നു പറയുന്നത് അല്ലാഹുവിൽ നിന്നുള്ളതാണ്. അല്ലാഹുവിന്റെ സലാം എന്നു പറയുന്നത് ഇബ്റാഹീമിനെ അഗ്നിയിൽനിന്ന് രക്ഷിച്ചുനിർത്തിയതാണ്. ഒരാൾക്ക് അല്ലാഹുവിൽനിന്ന് സലാം ഇല്ലെങ്കിൽ മനുഷ്യൻ ആയിരംവട്ടം സലാം പറഞ്ഞാലും അത് അവന് ഒരു ഗുണവും ചെയ്യുകയില്ല."

വീണ്ടും ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "സലാം എന്നതിന്റെ യാഥാർത്ഥ്യവും നിങ്ങളുടെ ആത്മാവ് അല്ലാഹുവിന്റെ സവിധത്തിൽ വീഴുക എന്നതാണ്."

എല്ലാ ഓരോന്നിന്റേയും അടിസ്ഥാനത്തിൽ അല്ലാഹുവും അവന്റെ കല്പനയും നിങ്ങളുടെ ദുൻയാവിനേക്കാൾ നിങ്ങൾ മുന്തിക്കുന്നതായിത്തീരണം. ഈ അവസ്ഥ ഉണ്ടായിക്കഴിഞ്ഞാൽ അപ്പോൾ നമ്മൾ അല്ലാഹുവിന്റെ സംരക്ഷണത്തിന് കീഴിലായിരിക്കും. ലോകത്തിന്റെ ശാപങ്ങളും ഗൂഢപദ്ധതികളും നമുക്ക് ഒരു ക്ഷതവും ഏല്പിക്കുകയില്ല. എന്നാൽ, നമ്മൾ അല്ലാഹുവിന്റെ സമാധാനത്തിന് കീഴിലല്ലെങ്കിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ ലോകത്തിന്റെ ആയിരക്കണക്കിന് സലാമും നമുക്ക് ഒരു ഗുണവും ചെയ്യുകയില്ല. നമ്മൾ, ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് അല്ലാഹു ചെയ്ത വാഗ്ദാനത്തിന്റെ അനന്തരാവകാശികളായിത്തീരുന്നത് നാം ആ അധ്യാപനമനുസരിച്ച്, സലാം എന്ന സവിശേഷ ഗുണത്തെ മനസ്സിലാക്കിക്കൊണ്ട് അല്ലാഹുവിന്റെ സമാധാനത്തിന്റെ താഴെ വരാൻ ശ്രമിക്കുമ്പോഴാണ്.

നമ്മൾ എത്ര വലിയ ഭാഗ്യവാന്മാരാണ്. ഇക്കാലഘട്ടത്തിൽ അല്ലാഹു നമുക്ക് ഇമാമിനെ അയച്ചുതന്നു. ആ ഇമാമിനെ വിശ്വസിക്കാൻ നമ്മെ പഠിപ്പിച്ചു. സലാം എത്തിക്കാൻ അല്ലാഹു കല്പിച്ച ആ മഹ്ദിയേയും നമ്മൾ വിശ്വസിച്ചു. അദ്ദേഹത്തിന് സലാം പറഞ്ഞതുകൊണ്ട് അല്ലാഹു നമുക്ക് സ്ഥാനവും പദവിയും നല്കിയിരിക്കുന്നു. അല്ലാഹു തന്നേയും അദ്ദേഹത്തിന് സലാം പറഞ്ഞിരിക്കുന്നു. ഒരു ഇൽഹാമിൽ മസീഹ് മൗഊദ്(അ)നോട് അല്ലാഹു പറഞ്ഞു: ***സലാമുൻ അലയ്ക്ക യാ ഇബ്റാഹീം ഇന്നക്കൽയൗമ ലദയ്നാ മക്കീനുൻ അമീൻ. ദൂ അഖ്ലിൻമ്മത്തീൻ.*** ഏയ് ഇബ്റാഹീം നിന്റെമേൽ സലാം. ഇന്ന് നമ്മുടെ പക്കൽ നീ നിലയുള്ളയാളും വിശ്വസ്തനും പരിശുദ്ധമായി വിവേകശാലിയുമാണ്." അല്ലാഹു അദ്ദേഹത്തിന് നല്കിയ ഈ എല്ലാ അനുഗ്രഹങ്ങളിൽനിന്നും അനുഗ്രഹം തേടുന്നതിനും അല്ലാഹുവിൽനിന്ന് അവിടത്തെ മേൽ അയച്ച ആ സലാമിൽ ഭാഗഭാക്കാകുന്നതിനുമായി നബി(സ) തിരുമേനിയുടെമേൽ അല്ലാഹു ഇറക്കിയ സന്മാർഗ്ഗമനുസരിച്ച് പ്രവർത്തിക്കേണ്ട ആവശ്യമുണ്ട്. അതിനോടുള്ള സ്നേഹം കാരണത്താൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അല്ലാഹു ഇബ്റാഹീം എന്ന് വിളിച്ചുകൊണ്ട് സലാം അയച്ചു. ഹദ്റത്ത് ഇബ്റാഹിം(അ)ന്നെതിരിൽ എതിരാളികൾ അഗ്നികുണ്ഠം തയ്യാറാക്കിയതുപോലെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്നെതിരിലും എതിരാളികൾ ആളിക്കത്തിച്ച ആ തീയും അണയുന്നതാണ്. അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് പറഞ്ഞു. '***വ നളറനാ ഇലയ്ക്ക വഖുൽനാ യാനാറു കുനീ ബർദൻവ്വസലാമൻ അലാ ഇബ്റാഹീം***' നാം നിന്നിലേക്ക് നോക്കി. ഇങ്ങനെ പറയുകയും ചെയ്തു. അല്ലയോ അഗ്നി- ജനതയിൽ നിന്നുള്ള ഫിത്നയുടെ അഗ്നിയാണ്- ഈ ഇബ്റാഹിമിന്റെമേൽ തണുക്കുകയും സമാധാനമായിത്തീരുകയും ചെയ്യുക. ചരിത്രം സാക്ഷിയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവിതത്തിൽ ഏതേതെല്ലാം തീ ആളിക്കത്തിച്ചുവോ അതെല്ലാം അണഞ്ഞുവെന്നു മാത്രമല്ല, മറിച്ച് അത് മസീഹ് മൗഊദ്(അ)ന് സമാധാനത്തിന്റെ സന്ദേശം കൊണ്ടുവന്നു. സലാമത്ത് എന്നതിന്റെ ഉദ്ദേശ്യം ആദ്യം പറഞ്ഞതുപോലെ നന്മയും ക്ഷേമയും കൊണ്ടുവരിക എന്നതാണ്. ഇക്കാലഘട്ടത്തിലും ലോകത്തിന്റെ എവിടെയൊക്കെ ജമാഅത്തിന്നെതിരിൽ തീ ആളിക്കത്തുന്നുണ്ടോ അല്ലെങ്കിൽ കത്തിച്ചുകൊണ്ടിരിക്കുന്നുണ്ടോ അതെല്ലാം അണഞ്ഞുപോകുന്നതാണ്. ഇൻശാഅല്ലാഹ്. കാരണം അത് ഏതെങ്കിലും ഒരു വ്യക്തിക്കെതിരിലല്ല ആളിക്കത്തിക്കുന്നത്. മറിച്ച് മസീഹ് മൗഊദ്(അ)ന്നെതിരിലാണ്. മസീഹ് മൗഊദ്(അ)നെ വിശ്വസിക്കുന്നവർക്കെതിരിൽ അത് ആളിക്കത്തിക്കുന്നു. ഇക്കാലഘട്ടത്തിലെ ഇമാമിനെ വിശ്വസിച്ചുവെന്ന കാരണത്താലാണത്.

ലോകത്തിന്റെ വിവിധ സ്ഥലങ്ങളിൽ ചെറിയ ചെറിയ സംഭവങ്ങൾ നമുക്കെതിരിൽ ഉണ്ടാകുന്നു

വെങ്കിൽ അതും ഒരു പരീക്ഷണമാണ്. ആ പരീക്ഷണത്തിൽ ജയിക്കാൻ നമ്മൾ ശ്രമിക്കേണ്ടതാണ്. അത് ശ്രീലങ്കയിലാവട്ടെ, ബംഗ്ലാദേശിലാവട്ടെ, പാക്കിസ്ഥാനിലാവട്ടെ. ഈ തീ അണയുകതന്നെ ചെയ്യും. ഇൻശാ അല്ലാഹ്. അത് അണയുക മാത്രമല്ല, മറിച്ച്, സംരക്ഷണമായിട്ട് വരും. ഇതുതന്നെയാണ് നമ്മുടെ ഈമാൻ. അല്ലാഹുവിനോട് നമ്മൾ എപ്പോഴും സൗഖ്യം ചോദിച്ചുകൊണ്ടിരിക്കേണ്ടതാണ്.

ജുമുഅയ്ക്കായി വരുമ്പോൾ ശ്രീലങ്കയിൽ നിന്ന് ഒരു വാർത്ത എനിക്ക് കിട്ടിയിരുന്നു. ഫോണിലൂടെ അറിയാൻ കഴിഞ്ഞു, അവിടെ വളരെ നാളായി എതിരാളികൾ ശക്തമായ എതിർപ്പിലാണ്. അവിടുത്തെ മുസ്ലിം ജനസംഖ്യ 13% ആണ്. പക്ഷേ, ശക്തി കൂടുതലാണ്. ശയ്ത്വാന്റെ ശക്തി കൂടുതലായിരിക്കുമെന്ന് പറയേണ്ടതില്ലല്ലോ. മുസ്ലിംകളല്ല, നാമമാത്ര മുസ്ലിംകളാണ്. നബി(സ) തിരുമേനിക്ക് ദുഷ്പേരുണ്ടാക്കുന്ന മുസ്ലിംകളാണ്. മൗലവിമാരുടെ പിന്നാലെ കൂടി നടക്കുന്നവരാണ്. രണ്ടായിരത്തി മുന്നൂറോളം പള്ളികൾ അവിടെയുണ്ട്. എല്ലാ പള്ളികളിലും ജമാഅത്തിന്നെതിരിൽ കഴിഞ്ഞയാഴ്ച ഖുത്ബ കൊടുത്തു. അങ്ങനെയൊരു തീ ആളിക്കത്തിച്ചു. ജനങ്ങളുടെ വികാരങ്ങൾ ഇളക്കിവിട്ടു. നഗോങ്കോയിലെ നമ്മുടെ പള്ളിയിൽ അഞ്ഞൂറോളം വരുന്ന ആളുകൾ ആക്രമണം നടത്തി. അവിടെ അപ്പോൾ അറുപതോളം അഹ്മദികൾ നമസ്കാരത്തിനായി ഉണ്ടായിരുന്നു. പോലീസ് കുറച്ച് ധൈര്യം കാണിച്ച് അവരെ വെളിയിലാക്കിയെന്ന് ഇപ്പോൾ അറിയാൻ കഴിഞ്ഞു.

പക്ഷേ, സമാധാനത്തിന് സന്ദേശം നല്കിയ ആ ദൈവദൂതന്റെ പേരിലാണ് ഇവർ ഈ തീ ആളിക്കത്തിക്കുന്നതെന്ന് അവിടുത്തെ അഹ്മദികൾ ഓർമ്മവയ്ക്കേണ്ടതാണ്. ഇസ്ലാമിന് സേവനം ചെയ്യുന്നതിന് പകരം അതിനെ അപകീർത്തിപ്പെടുത്തുന്നവരാണിവർ. എന്തായാലും അല്ലാഹു അനുഗ്രഹം ചെയ്ത് പള്ളിയിൽനിന്ന് പോലീസ് അവരെ ഒഴിപ്പിച്ചു. ഇനി നിങ്ങൾ ഉറച്ചുനില്ക്കുക. വിഷമിക്കേണ്ട കാര്യമില്ല. അല്ലാഹു ഈ പരീക്ഷണത്തിൽനിന്ന് നിങ്ങളെ വിജയികളായി പുറത്തുകൊണ്ടുവരുമാറാകട്ടെ.

ഇക്കൂട്ടരുടെ ഈ പ്രവൃത്തി കണ്ടിട്ട് ലജ്ജ തോന്നുന്നു. ലോകം മുഴുവൻ ഉണ്ടാകുന്ന ബഹളത്തിന് കാരണം ഈ മുസ്ലിംകൾ പ്രവർത്തിക്കുന്നതാണ് ഇസ്ലാമിന്റെ പാഠം എന്ന് തെറ്റുധരിക്കുന്നതിനാലാണ്. നബിയുടെ അനുയായികൾ എന്നു പറഞ്ഞുകൊണ്ട് അക്രമപരമായ കാര്യങ്ങളാണ് അവർ ചെയ്തുകൂട്ടുന്നത്. സൃഷ്ടികളോടുള്ള കടമ നിറവേറ്റുന്നതിന് പകരം അവരുടെമേൽ അക്രമം ചെയ്യുകയും അപഹരണം നടത്തുകയും ചെയ്യുകയാണിവർ. ഈ രീതിയിൽ അഹ്മദികളെ നശിപ്പിക്കാമെന്നാണ് അവർ കരുതുന്നത്. ഇത് അവരുടെ വ്യാമോഹമാണ്. ഇതൊരിക്കലും പൂർത്തിയാക്കാൻ അല്ലാഹു വിടുകയില്ല. ഇത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. അവരുടെ ധാരണയിൽ ഇത് ഇംഗ്ലീഷുകാർ നട്ട ചെടിയാണ്. എന്നാൽ, അങ്ങനെയല്ല. ഇത് അല്ലാഹു നട്ട ചെടിയാണ്. നിന്റെ എല്ലാ ഉദ്ദേശ്യവും അല്ലാഹു പൂർത്തിയാക്കുമെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കെ ഇക്കൂട്ടർക്ക് എങ്ങനെയാണ് അതിനെ നശിപ്പിക്കാൻ കഴിയുക? എന്നത്തേയുംപോലെ ഇവർ പരാജയമടയുകതന്നെ ചെയ്യും. സ്വന്തം അഗ്നിയിൽ അവർ കരിഞ്ഞുകൊണ്ടിരിക്കും. ഇൻശാഅല്ലാഹ്. ശ്രീലങ്കയിലെ അഹ്മദികൾക്കെതിരിൽ കാണിച്ച ഈ എതിർപ്പിന്റെ അഗ്നി എത്രയുംവേഗം അണയുന്നതാണ്. അല്ലാഹു അവർക്ക് സ്ഥിരചിത്തത നല്കുമാറാകട്ടെ. അവരുടെ വിശ്വാസത്തെ ബലപ്പെടുത്തുമാറാകട്ടെ. അല്ലാഹുവിന്റെ അനുഗ്രഹം എത്രയുംവേഗം സ്വരുക്കൂട്ടുന്നവരായിത്തീരാൻ അവന്റെ മുമ്പിൽ നിങ്ങൾ കുനിയുക. ലോകത്തുള്ള മറ്റ് അഹ്മദികളും ഇവർക്കുവേണ്ടി ദുആ ചെയ്യുക. അല്ലാഹു ഈ പരീക്ഷണത്തിൽനിന്ന് എത്രയും വേഗം അവർക്ക് മോചനം നല്കുമാറാകട്ടെ.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഉണ്ടായ ഒരു ഇൽഹാമാണ്, അതൊരു വാഗ്ദാനമാണ്. ഓരോ അഹ്മദിയുടേയും മനസ്സിൽ അത് എപ്പോഴും ഉണ്ടാകണം. '***സലാമുൻഅലാ ഇബ്റാഹീമ സ്വാഫയ്നാഹു വനജ്ജയ്നാഹു മിനൽഗമ്മി തഫർറദ്നാ ബിദാലിക്ക ഫത്തഖിദൂ മിൻമ്മഖാമി ഇബ്റാഹീമ മുസല്ലാ***' ഇബ്റാഹീമിന്റെമേൽ സമാധാനം. നാം അദ്ദേഹത്തെ പരിശുദ്ധനാക്കി. ദുഃഖത്തിൽനിന്നും മോചനം നല്കി. നാം തന്നെയാണ് ഈ ജോലി ചെയ്തത്. അതുകൊണ്ട് നിങ്ങൾ ഇബ്റാഹീമിന്റെ കാല്പാടുകളിലൂടെ നടക്കുക.

ദുആ ചെയ്യുക, അല്ലാഹുവിനെ തിരിച്ചറിയുക. ഏകത്വത്തിന്റെ ശരിയായ അറിവ് സമ്പാദിക്കുക. ഇതെല്ലാമാണ് ഈ കാലഘട്ടത്തിലെ ഇബ്റാഹീമിനെ പിൻപറ്റിയവർ കരസ്ഥമാക്കാൻ ശ്രമിക്കേണ്ടത്. പിന്നീട് പറഞ്ഞു. "ഏയ്, ഇബ്റാഹീം നിന്റെമേൽ സമാധാനമുണ്ടാകട്ടെ. നാം നിന്നെ പ്രത്യേകമായ സുഹൃദ്ബന്ധത്തോടെ തിരഞ്ഞെടുത്തു. അല്ലാഹു നിന്റെ എല്ലാ പ്രവർത്തനവും നന്നാക്കിത്തീർക്കുന്നതാണ്. നിന്റെ എല്ലാ ഉദ്ദേശ്യങ്ങളും നിനക്ക് നിറവേറ്റിത്തരുന്നതാണ്."

പ്രത്യേകമായ സുഹൃദ്ബന്ധത്തോടുകൂടി ആരെയാണോ അല്ലാഹു തിരഞ്ഞെടുത്തത് അദ്ദേഹവുമായി ബന്ധംവയ്ക്കുന്നു എന്ന് പറയുന്നവർ എങ്ങനെയായിരിക്കേണ്ടതാണ്. തീർച്ചയായും ആ വഴി അല്ലാഹുവിലേക്ക് കൊണ്ടുപോകുന്ന വഴിയാണ്. അത് അവന്റെ ഏകത്വത്തെ സ്ഥാപിക്കുന്ന വഴിയാണ്. അത് ഏകനായ ആ ദൈവത്തിന്റെ മുന്നിൽ കുനിയുന്ന വഴിയാണ്. അതിലൂടെ നടന്നുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) അല്ലാഹുവിന്റെ ആദരവ് പിടിച്ചുപറ്റി. അല്ലാഹു പറഞ്ഞു. "നാം നിന്നെ പ്രത്യേകമായ സ്നേഹബന്ധത്തോടുകൂടി തിരഞ്ഞെടുത്തിരിക്കുന്നു." പറഞ്ഞു: "അല്ലാഹു നിന്റെ എല്ലാ പ്രവർത്തനങ്ങളും നന്നാക്കിത്തീർക്കും. അതായത്, എപ്പോൾ ആവശ്യം വന്നാലും അവൻ നിന്റെ ജോലി പൂർത്തീകരിച്ചുകൊണ്ടേപോകും." ഇപ്പോഴുള്ള തടസ്സങ്ങളെല്ലാം ഇൻശാഅല്ലാഹ് അകന്നുപോകുന്നതാണ്. അല്ലാഹു സ്വയം ഇറങ്ങിവരുന്നത് നാമിന്നും കാണുന്നു. തന്റെ അനുഗ്രഹത്താലാണിത്. നമ്മുടെ പരിശ്രമം കൊണ്ടല്ല. കഴിഞ്ഞദിവസം എം.ടി.എ അറബിയായുടെ പ്രവർത്തകർ ചേർന്നുകൊണ്ട് ഒരു പ്രോഗ്രാം സംഘടിപ്പിച്ചിരുന്നു. അവിടേയും ഞാൻ പറഞ്ഞത് ഇതുതന്നെയാണ്. ഇത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. അവൻ ഓരോ ഘട്ടത്തിലും അത് പൂർത്തീകരിച്ചുകൊണ്ടുപോന്നു. ഇന്നും പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു. തുടർന്നും പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അല്ലാഹു ഈ വാഗ്ദാനം നല്കി. "ഞാൻ സുഹൃത്തുക്കളുടെ സുഹൃത്താകുന്നു. ഒരിക്കലും ഞാൻ അവനെ ഉപേക്ഷിക്കുകയില്ല."

സുഹൃദ്ബന്ധത്തിന്റെ കടമകൾ നിറവേറ്റുന്ന ഒരു നല്ലമനുഷ്യൻ തന്റെ സുഹൃദ്ബന്ധം ഒരിക്കലും ഉപേക്ഷിക്കില്ല. അപ്പോൾ ഏറ്റവും കൂടുതൽ കൂറ് പുലർത്തുന്ന അല്ലാഹു എങ്ങനെ ആ ബന്ധം ഉപേക്ഷിക്കാനാണ്.

അതുകൊണ്ട് അല്ലാഹു തന്റെ സുഹൃത്താണെന്ന് പ്രഖ്യാപിച്ച ഒരാളെ വിശ്വസിച്ചവരാണ് നാം. നമ്മൾ വ്യക്തിപരമായ നിലയിലും അവനിൽനിന്ന് അനുഗ്രഹം തേടാനും, അവൻ നമുക്ക് നല്കിയിട്ടുള്ള എല്ലാ കല്പനകളുമനുസരിച്ച് പ്രവർത്തിക്കാനും ശ്രമിക്കേണ്ടതാണ്. വിശുദ്ധഖുർആനിൽ വിവിധ സ്ഥലങ്ങളിൽ ഇതിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ഉദാഹരണത്തിന് പറഞ്ഞു. ***വ ഇബാദുർറഹ്മാനില്ലദീന യംശൂന അലൽഅർളി ഹൗനൻവ്വഇദാ ഖാത്വബഹുമുൽ ജാഹിലൂന ഖാലൂ സലാമാ.*** പരമകാരുണികനായ അല്ലാഹുവിന്റെ ദാസന്മാർ ഭൂമിയിൽ ശാന്തരായി നടക്കുന്നവരാണ്. അവിവേകികൾ അവരുമായി നേരിട്ടാൽ അവർ സമാധാനം എന്നു പറയും (25:64).

ഇതാണ് സത്യവിശ്വാസിയുടെ അടയാളം. റഹ്മാനായ അല്ലാഹുവിനെ വിശ്വസിക്കുന്നവരുടെ അടയാളം. അവന്റെ പ്രിയപ്പെട്ടവരുടെ ആളുകളാണെന്ന് പറയുന്നവരുടെ അടയാളം. ഇതിന്റെ ഉന്നത സ്ഥാനം നബി(സ)തിരുമേനിയായിരുന്നു. അങ്ങേയറ്റം വിനയത്തോടും എളിമയോടുംകൂടി അവിടന്ന് ജീവിച്ചു. ദരിദ്രരോടും ആദരവോടെ പെരുമാറി. അവരുമായി സംസാരിച്ചു. അജ്ഞരായ ബദുക്കളോടും സ്നേഹത്തോടും വിനയത്തോടും കൂടി പെരുമാറി. അവർക്ക് സമാധാനമരുളി തന്റെ മാതൃക കാണിച്ചു. വിജയശ്രീലാളിതനായി മക്കയിൽ പ്രവേശിച്ച ഘട്ടത്തിൽ ഇതിന്റെ പ്രകടനം ഉന്നതമായിരുന്നു. അവിടത്തെ തല കുനിഞ്ഞ് കുനിഞ്ഞ് ഒട്ടകത്തിന്റെ പുറത്ത് മുട്ടുവോളം എത്തിയിരുന്നു. ഒരക്രമവും ചെയ്യരുതെന്നും സമാധാനം പാലിക്കണമെന്നും അവിടന്ന് അനുയായികളെ ഉപദേശിച്ചു. ആരേയും കൊല്ലരുത്. ആരുമായും വഴക്കിടരുത്; വാളെടുത്ത് പോരാടാൻ വരുന്നവരോടൊഴികെ.

നമുക്കും ആ പാതയിലൂടെ സഞ്ചരിക്കേണ്ടതായിട്ടുണ്ട്. എങ്കിലേ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് നാം അവകാശികളാകുകയുള്ളൂ. അല്ലാഹുവിന്റെ സ്നേഹദൃഷ്ടി നമ്മുടെമേൽ പതിയുകയുള്ളൂ. അല്ലാഹുവിന്റെ പ്രിയങ്കരനായ മസീഹിനെ വിശ്വസിച്ചവരാണ് നാം. അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുകയും നിരർത്ഥകമായ കാര്യങ്ങളിൽ നിന്ന് അകലുകയും വഴക്കുകളിൽനിന്നും വ്യർത്ഥമായ മജ്‌ലിസുകളിൽനിന്നും മാറിപ്പോകുകയും ചെയ്യുന്നവരായിത്തീരുകയാണെങ്കിൽ അല്ലാഹുവിന്റെ അനുഗ്രഹത്തിന്റേയും അവന്റെ സമാധാനത്തിന്റേയും അനന്തരാവകാശികളായി തീരും. അല്ലാഹു എന്നെന്നും ഇതിന് നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 11.5.2007 at Baithulfutuh, London

*Translated by: Muhammad Ismail, Alleppey*
Mob: 94466 56123 Resi.: 0497 3294865
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala